"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- ഫിസിക്സ് സബ്സിഡിയറിയായുള്ള ബി.എസ്.സി പോളിമർ കെമിസ്ട്രി എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയ്ക്കുള്ള യോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.120/2022/GEDN തീയതി,തിരുവനന്തപുരം, 07-07-2022

---

പരാമർശം:-
1. സ.ഉ(കൈ) നം.58/19/പൊ.വി.വ തീയതി 06.06.2019
2. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 16.08.2021 ലെ പി4/2295/20/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.02.2022 ലെ നം.ഡിജിഇ/14182/2021-H 2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവായിരുന്നു.

ബി എസ് സി (പോളിമർ കെമിസ്ട്രി), ബി എസ് സി (കെമിസ്ട്രി) യ്ക്ക് തുല്യമായി അംഗീകരിച്ച് എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിക്കാമോ എന്ന വിഷയം എസ്.സി.ഇ.ആർ.ടി യുടെ ഇക്വലൻസി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഇരു സിലബസുകളിലുമുള്ള ഉള്ളടക്ക മേഖലകൾ പരിശോധിച്ചപ്പോൾ രണ്ടിന്റെയും വിഷയമേഖലകളും ഉള്ളടക്കവും ഏകദേശം ഒന്ന് തന്നെയാണെന്ന് വിഷയ വിദഗ്ധന്റെ പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള കോഴ്സുകൾ തമ്മിൽ തുല്യമായി അംഗീകരിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടറും ബി.എസ്.സി (പോളിമർ കെമിസ്ട്രി) ബി.എസ്.സി (കെമിസ്ട്രിക്ക്) തുല്യമായി പരിഗണിക്കാമെന്ന്

പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫിസിക്സ് സബ്സിഡിയറിയായുള്ള ബി.എസ്.സി (പോളിമർ കെമിസ്ട്രി) ബിരുദം ബി.എസ്.സി (കെമിസ്ട്രി) യ്ക്ക് തുല്യമായി അംഗീകരിച്ച് എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്കുള്ള യോഗ്യതയായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ&ഇ),കേരള,തിരുവനന്തപുരം

ഡയറക്ടർ,എസ്.സി.ഇ.ആർ.ടി,തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഐ&പി.ആർ.ഡി(വെബ്&ന്യൂ മീഡിയ)(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by N.k. Sheena**
**Date: 08-07-2022 10:36:52**

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്